# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** — **13.01.2021 ൽ മറുപടിക്ക്**

**ചോദ്യം നം. 563**

**പാറമടകളും ജനവാസ കേന്ദ്രങ്ങളും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ . വി. ടി. ബൽറാം | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) നിലവിൽ പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള അകലം എത്ര മീറ്ററായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ള തെന്ന് അറിയിക്കാമോ; | (എ) ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ O.A 304/2019 നമ്പർ കേസിൽ 21.07.2020 തീയതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ 200 മീറ്റർ ചുറ്റളവിൽ ആൾ താമസമുള്ള വീടുകൾ, മറ്റ് നിർമ്മിതികൾ (Residential/ Public buildings, inhabited sites, locations to be considered by States) പാടില്ലായെന്ന് ഉത്തരവായിട്ടുള്ളതാണ്. ആയതിനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 15962/2020 & connected cases മേലുള്ള 21.12.2020 ലെ ഉത്തരവ് പ്രകാരം പുതുതായി അനുവദിക്കുന്ന ഖനനാനുമതി കൾക്ക് 200 മീറ്റർ ദൂരപരിധി പാലിക്കേണ്ടതുണ്ട്. നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ക്വാറികൾക്ക് 50 മീറ്ററുമാണ് ദൂരപരിധി. |
| (ബി) പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം 200 മീറ്ററായി കൂട്ടണമെന്ന് നിയമസഭ പരിസ്ഥിതി സമിതി ശിപാർശ ചെയ്തിട്ടുണ്ടോ; ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാ ണെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം 200 മീറ്ററായി കൂട്ടണമെന്ന് നിയമസഭ പരിസ്ഥിതി സമിതി ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (സി) ക്വാറികൾ പൊതു ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ കൊണ്ടുവരണമെന്ന നിയമസഭാ സമിതിയുടെ ശിപാർശകളി ന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**